പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2013-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2013-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ

1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന്റെ 2-ാം വകുപ്പ് 2006 ഒക്ടോബർ 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 3-ാം വകുപ്പ് 2012 ജൂൺ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 7ഇ വകുപ്പിന്റെ ഭേദഗതി.—1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റിലെ (1964-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 7ഇ വകുപ്പിൽ, "നാല് ഹെക്ടറിൽ" എന്ന വാക്കുകൾക്കുപകരം "1 ഹെക്ടർ 61 ആർ 87 ചതുരശ്രമീറ്ററിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

3. 81-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 81-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ "ഉപയോഗിക്കാവുന്നതാണ്" എന്ന വാക്കിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായി ഉപയോഗിക്കാവുന്നതാണ്" എന്ന വാക്കുകളും "കാർഷികവിളകൾക്കോ" എന്ന വാക്കിനുപകരം "കാർഷികവിളകൾക്കോ ക്ഷീരോല്പാദന ഫാമുകൾ നടത്തുന്നതിനോ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2006-ലെ 21-ാം ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റിലെ 7ഇ വകുപ്പ് പ്രകാരം, 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റിന്റെ പ്രാരംഭ തീയതിക്കും 2005-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്റ്റിന്റെ (2006-ലെ 21) പ്രാരംഭത്തീയതിക്കും ഇടയിലുള്ള കാലയളവിൽ പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞ ഭൂമി കൈവശമുണ്ടായിരുന്ന ഏതെങ്കിലും ആളിൽ നിന്നും അയാളോ അയാളുടെ മുൻഗാമിയോ പ്രതിഫലം നൽകി വാങ്ങുക വഴിയോ മറ്റ് വിധത്തിലോ ആർജ്ജിച്ച നാലു ഹെക്ടറിൽ കവിയാത്ത വ്യാപ്തിയുള്ള ഏതെങ്കിലും ഭൂമി കൈവശമുള്ള ഏതൊരാളും ഒരു കുടിയാനായി കരുതപ്പെടുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ, 'സീറോ ലാന്റ്ലെസ്' പദ്ധതി വിഭാവനം ചെയ്യുന്ന പ്രകാരം ഭൂരഹിതരായ പാവപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള മിച്ചഭൂമിയുടെ ലഭ്യതയിൽ കുറവുവരുത്തുന്നതിനും സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതിനും കാരണമാകുന്നതാണ്. ആയതിനാൽ 7ഇ വകുപ്പുപ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 4 ഹെക്ടറിൽ നിന്നും 1 ഹെക്ടർ, 61 ആർ, 87 ചതുരശ്രമീറ്റർ (4 ഏക്കർ) ആയി പരിമിതപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

2. 2012-ലെ 6-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്ത പ്രസ്തുത ആക്റ്റിലെ 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം തോട്ടവും, അതിനോടനുബന്ധമായോ അങ്ങനെയുള്ള തോട്ടങ്ങൾക്കുള്ളിൽ വ്യാപിച്ചു കിടക്കുന്നതോ ആയ ഭൂമിയും കൈവശമുള്ള ഒരാൾക്ക്, അങ്ങനെയുള്ള കൈവശഭൂമിയുടെ വ്യാപ്തിയുടെ അഞ്ചുശതമാനത്തിൽ കവിയാത്ത ഭാഗം ഉദ്യാനകൃഷിക്കോ, വാനിലയുടെയോ, ഔഷധ സസ്യങ്ങളുടെയോ, മറ്റു കാർഷിക വിളകളുടെയോ കൃഷിക്കോ അല്ലെങ്കിൽ ഹോട്ടലുകളോ, റിസോർട്ടുകളോ, മറ്റ് വിനോദ സഞ്ചാര പദ്ധതികളോ സ്ഥാപിക്കുന്നതിനും അതുമായി അനുബന്ധമായിട്ടുള്ളതോ ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ഇളവ് പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള രൂക്ഷമായ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും തോട്ടങ്ങളെ തോട്ടങ്ങളുമായി ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്കായി വൻതോതിൽ പരിവർത്തനപ്പെടുത്തുന്നതിന് കാരണമാകുകയും ചെയ്തു. ആയതിനാൽ മേൽപ്പറഞ്ഞ വ്യാപ്തിയിലുള്ള ഭൂമി ഉപയോഗിക്കുന്നതിന്മേൽ ചട്ടങ്ങൾവഴി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും അതിനുവേണ്ടി 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി, 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം മുഖേന ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റിലെ 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, പ്രസ്തുത ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കായി പ്രസ്തുത ഉപവകുപ്പ് പ്രകാരം തോട്ടങ്ങളുടെ ആവശ്യത്തിനായി ഒരാൾ കൈവശം വച്ചിട്ടുള്ള ഭൂമിയുടെ അഞ്ച് ശതമാനം ഭൂമി ഉപയോഗിക്കുന്നതിൽ നിയന്ത്രണങ്ങളും ഉപാധികളും ഏർപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കാവുന്ന ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

അടൂർ പ്രകാശ്.

(ശരിത്തർജ്ജമ)

## 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റ് (1964-ലെ 1)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

7ഇ ഭൂമി ആർജ്ജിച്ചിട്ടുള്ള ചില ആളുകൾ കുടിയാൻമാരായി കരുതപ്പെടണമെന്ന്.—ഈ ആക്റ്റിലെ 74-ാം വകുപ്പിലോ 84-ാം വകുപ്പിലോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവസ്ഥകളിലോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിലോ, നാട്ടാചാരത്തിലോ, കീഴ്നടപ്പിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്റ്റിന്റെ (1964-ലെ 1) പ്രാരംഭത്തീയതിക്കും 2005-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തീയതിക്കും ഇടയിലുള്ള കാലയളവിൽ, പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞ് ഭൂമി കൈവശമുണ്ടായിരുന്ന ഏതെങ്കിലും ആളിൽ നിന്നും മറ്റുവ്യക്തിയോ അവകാശബന്ധമുള്ള അയാളുടെ മുൻഗാമിയോ പ്രതിഫലം നൽകിവാങ്ങുകവഴിയോ മറ്റു വിധത്തിലോ ആർജ്ജിച്ചതും, നാലു ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ളതുമായ ഏതെങ്കിലും ഭൂമി 2005-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്റ്റ് നടപ്പിൽ വരുന്ന സമയത്ത്, കൈവശമുള്ള ഏതൊരാളും ഒരു കുടിയാനായി കരുതപ്പെടുന്നതാണ്.

** ** ** **

### അദ്ധ്യായം III

## പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞുള്ള ഭൂമിയുടെ ഉടമാവകാശവും കൈവശാവകാശവും സംബന്ധിച്ച നിയന്ത്രണവും മിച്ചഭൂമി കൈയൊഴിക്കലും

81. ഒഴിവുകൾ.—(1) ** ** ** **

(2) [** ** ** **]

(3) പൊതുജനതാത്പര്യാർത്ഥം അങ്ങനെ ചെയ്യുന്നത് അത്യാവശ്യമാണെന്ന് അവർക്ക് ബോധ്യമാകുന്നപക്ഷം, സർക്കാരിന്,—

(എ) ഏതെങ്കിലും ഭൂമി ഏതെങ്കിലും പ്രത്യേക ആവശ്യത്തിനു ഉപയോഗിക്കുന്നതു കൊണ്ടോ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും ഭൂമി തോട്ടമായി മാറ്റുന്നതിനോ, അഥവാ നിലവിലുള്ള ഒരു തോട്ടത്തിന്റെ വികസനത്തിനോ, പരിരക്ഷണത്തിനോ ആയുള്ള ആവശ്യത്തിനായോ അഥവാ വാണിജ്യപരമോ, വ്യാവസായികമോ, വിദ്യാഭ്യാസപരമോ, ധർമ്മാർത്ഥപരമോ ആയ ആവശ്യത്തിനായോ യഥാർത്ഥത്തിൽ ആവശ്യമായതുകൊണ്ടോ പൊതുതാല്പര്യാർത്ഥം അങ്ങനെ ചെയ്യേണ്ടതും ആവശ്യമാണെന്ന് ബോദ്ധ്യം വരുന്നപക്ഷം

സർക്കാരിന് ഗസറ്റിൽ പരസ്യം ചെയ്ത് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ നിന്നും അങ്ങനെയുള്ള ഭൂമിയെ അവർക്ക് ചുമത്താൻ യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി ഒഴിവാക്കാവുന്നതാണ് :

എന്നാൽ (ബി) ഖണ്ഡത്തിൽ പറഞ്ഞ ഭൂമി അത് ഉദ്ദേശിക്കപ്പെട്ടിരുന്ന ആവശ്യത്തിനായി ഈ ആവശ്യാർത്ഥം സർക്കാർ പ്രത്യേകം പറയാവുന്ന സമയത്തിനകം വിനിയോഗിക്കേണ്ടതും പ്രത്യേകം പറഞ്ഞ സമയത്തിനകം പ്രസ്തുത ഭൂമി അങ്ങനെ ഉപയോഗിക്കാത്തപക്ഷം, പ്രസ്തുത ഒഴിവാക്കലിന് പ്രാബല്യമില്ലാതായിത്തീരുന്നതുമാണ്.

(4) ഈ ആക്റ്റിലോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിലോ, മറ്റേതെങ്കിലും പ്രമാണങ്ങളിലോ, ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ, താലൂക്ക് ലാന്റ് ബോർഡിന്റെയോ, ലാന്റ് ബോർഡിന്റെയോ, മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, തോട്ടങ്ങളും അതിനോടനുബന്ധമായുള്ള ഭൂമിയും അല്ലെങ്കിൽ അത്തരം തോട്ടങ്ങളിൽ വ്യാപിച്ചു കിടക്കുന്നതുമായ ഭൂമി കൈവശമുള്ള ഒരാൾക്ക് അങ്ങനെയുള്ള കൈവശഭൂമിയുടെ വ്യാപ്തിയുടെ അഞ്ചു ശതമാനത്തിൽ കവിയാതെ ഉദ്യാനകൃഷിക്കോ, വാനില കൃഷിക്കോ, ഔഷധ സസ്യകൃഷിക്കോ, മറ്റു കാർഷിക വിളകൾക്കോ അല്ലെങ്കിൽ ഹോട്ടലുകൾ, റിസോർട്ടുകൾ, മറ്റ് വിനോദസഞ്ചാര പദ്ധതികൾ എന്നിവ സ്ഥാപിക്കുന്നതിനും, അതുമായി ബന്ധപ്പെട്ടതോ, അതിന് അനുബന്ധമായിട്ടുള്ളതോ ആയ ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കാവുന്നതാണ്.

** ** ** **